"ഭരണഭാഷ-മാതൃഭാഷ"

No.DWCD/2844/2026-ICDSA4

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം

തീയതി : 29-05-2026

E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

<u>പരിപത്രം</u>

വിഷയം:- വനിത ശിശുവികസന വകുപ്പ്- ഡയറക്ടറേറ്റ് - മഴക്കാല ശുചീകരണ പ്രവർത്തനങ്ങൾ - അങ്കണവാടികളിൽ സ്വീകരിക്കേണ്ട മുൻ കരുതലുകൾ -മാർഗ്ഗ നിർദേശങ്ങൾ -സംബന്ധിച്ച്:-

സൂചന:- 1. വനിത ശിശു വികസന ഡയറക്ടറുടെ 01/07/2023 തീയതിയിലെ DWCD/3310 /2023 -ICDS A4 നമ്പർ പരിപത്രം

2. വനിത ശിശു വികസന ഡയറക്ടറുടെ 28/05/2024 തീയതിയിലെ DWCD/2995 /2024 -ICDS A4 നമ്പർ പരിപത്രം

സംസ്ഥാനത്ത് കാലവർഷം ആസന്നമായ സാഹചര്യത്തിൽ കാലവർഷ കെടുതികൾ ലഘൂകരിക്കുവാനും ഇത് മൂലമുണ്ടാകുന്ന അപകടങ്ങളും ആള പായങ്ങളും ഒഴിവാക്കുന്നതിനും വനിത ശിശു വികസന വകുപ്പിന്റെ കീഴിലുള്ള അങ്കണവാടി കേന്ദ്രങ്ങളിൽ സ്വീകരിക്കേണ്ടതായ മുൻകരുതലുകൾ സംബന്ധിച്ച മാർഗ്ഗ നിർദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. മഴക്കാലത്തുണ്ടാകുന്ന പകർച്ചവ്യാധികൾ തടയുന്നതിനായി അങ്കണവാടിയും, അങ്കണവാടി പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിന് നടപടി സ്വീകരിക്കണം. അങ്കണവാടി പരിസരത്ത് അപകടമായ രീതിയിൽ നില നിൽക്കുന്ന മരങ്ങളോ ചില്ലകളോ ഉണ്ടെങ്കിൽ അവ മുറിച്ചു മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കണം.

3. അങ്കണവാടികളിലെ കുടിവെള്ള സംഭരണികൾ കൃത്യമായ ഇടവേളകളിൽ വൃത്തിയാക്കണം.

4. ശുദ്ധ ജലം സൂക്ഷിക്കുന്ന ടാങ്കുകൾ , പാത്രങ്ങൾ എന്നിവ വൃത്തിയായി അടച്ചു സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തണം.

5. കുട്ടികൾക്ക് തിളപ്പിച്ചാറ്റിയ വെള്ളം മാത്രമേ നല്കാൻ പാടുള്ളൂ.

6. കൈ കഴുകുമ്പോൾ സോപ്പ് / സോപ്പ് ലായനി ഉപയോഗിക്കണം.

7. അങ്കണവാടിയ്ക്ക് ചുറ്റും കൊതുക് വളരുന്ന സാഹചര്യം ഒഴിവാക്കണം.

8. ഇലക്ട്രിക് വയറുകൾ, സ്വിച്ചുകൾ മുതലായവ കുട്ടികൾക്ക് തൊടാൻ കഴിയുന്ന തരത്തിൽ അല്ല എന്ന് ഉറപ്പ് വരുത്തണം.

9. ഏതെങ്കിലും പ്രവർത്തനങ്ങൾക്കായി കുട്ടികളെ പുറത്തിറക്കേണ്ട സാഹചര്യം ഉണ്ടായാൽ കുട്ടികൾ മഴ നനയാതിരിക്കുവാനും അസുഖങ്ങൾ വരാതിരിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

10. തുമ്മുമ്പോഴും ചുമയ്ക്കുമ്പോഴും വായും മൂക്കും മൂടുന്നതിന് തുവാല ഉപയോഗിക്കുന്നതിനു കുട്ടികളെ

പരിശീലിപ്പിക്കാൻ അങ്കണവാടി ജീവനക്കാർ ശ്രദ്ധിക്കേണ്ടതാണ്.

11. ശുചി മുറികൾ ബ്ലീച്ചിങ് പൗഡർ ഉപയോഗിച്ച് കൃത്യസമയങ്ങളിൽ വൃത്തിയാക്കണം.

12. മഴക്കാലത്തുണ്ടാകുന്ന രോഗ ലക്ഷണങ്ങൾ മനസ്സിലാക്കുന്നതിനും തടയുന്നതിനും അങ്കണവാടി പ്രവർത്തകർക്ക് ആരോഗ്യ വകുപ്പ് മുഖേന പരിശീലനം നല്കുന്നതിന് CDPO മാർ നടപടി സ്വീകരിക്കേണ്ടതാണ്. കുട്ടികളിൽ അത്തരം രോഗ ലക്ഷണങ്ങൾ കണ്ടാൽ ഉടൻ അടുത്തുള്ള ആരോഗ്യ കേന്ദ്രവുമായി അങ്കണവാടി പ്രവർത്തകർ ബന്ധപ്പെടേണ്ടതാണ്.

13. ഡ്രൈ ഡേ ആചരിക്കുക തുടങ്ങി ആരോഗ്യ വകുപ്പ് നല്കുന്ന നിർദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

ടി നിർദേശങ്ങൾ അങ്കണവാടി പ്രവർത്തകർ നടപ്പിലാക്കുന്നുണ്ടെന്ന് CDPO, സൂപ്പർവൈസർമാർ ഉറപ്പ് വരുത്തേണ്ടതാണ്. മേൽ നിർദേശങ്ങൾ പാലിക്കാതെ അങ്കണവാടി കുട്ടികളുടെ സുരക്ഷ ഉറപ്പ് വരുത്തുന്നതിൽ എന്തെങ്കിലും വീഴ്ച സംഭവിച്ചാൽ ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ് തല അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്.

വിശ്വസ്തതയോടെ,

വനിത ശിശു വികസന ഡയറക്ടർ

എല്ലാ കീഴ്ഴ് കാര്യാലയമേധാവികൾക്കും